# സംസ്ഥാനവാർത്തകൾ

## സംസ്ഥാനത്തെ 80 ശതമാനം കിണറുകളും മലിനമെന്ന് പരിസ്ഥിതി ധവളപത്രം

സംസ്ഥാനത്തെ 80 ശതമാനത്തോളം കിണറുകളും വിസർജ്യ വസ്തുക്കളിൽ കാണുന്ന ബാക്ടീരിയകളാൽ മലിനമാണെന്ന് സംസ്ഥാന സർക്കാരിന്റെ പരിസ്ഥിതി ധവളപത്രം. വ്യവസായ മാലിന്യങ്ങളും കീടനാശിനികളും ജലാശയങ്ങളിലേക്ക് ഒഴുകിയിറങ്ങിയതോടെ കുട്ടനാട്ടിലെ തണ്ണീർത്തടങ്ങളിലും വേമ്പനാട്ടു കായലിലും ശുദ്ധജല തടാകങ്ങളിലും ഓക്സിജൻ ഇല്ലാത്ത സാഹചര്യമാണെന്ന് മന്ത്രിസഭ അംഗീകരിച്ച ധവളപത്രത്തിൽ പറയുന്നു. കേരളത്തിലെ 64.39 ലക്ഷം കിണറുകളിൽ ഭൂരിഭാഗവും മലിനമാണ്. ഭൂഗർഭ ജലനിരപ്പിലെ കുറവും ഗുണനിലവാര തകർച്ചയും പ്രകടമാണ്. തീരപ്രദേശത്തെ ഭൂഗർഭ ജലത്തിൽ ഉപ്പുരസത്തിന്റെ അളവു ക്രമാതീതമായി വർധിച്ചു. പാലക്കാട്, ആലപ്പുഴ ജില്ലകളിലെ ഭൂഗർഭ ജലസ്രോതസ്സുകളിൽ അമിത തോതിൽ ഫ്ളൂറൈഡ് കണ്ടെത്തിയിട്ടുണ്ട്.വ്യവസായങ്ങൾ മൂലമുള്ള ഭൂഗർഭ ജല മലിനീകരണം എറണാകുളം, കൊല്ലം, കോഴിക്കോട്, പാലക്കാട്, കണ്ണൂർ ജില്ലകളിലുമുണ്ട്.

**(മ.മ.,24/05)**

### ഉദ്ഘാടനത്തിന് 174 റോഡ്, 28 പാലം

പൊതുമരാമത്തിനു കീഴിൽ നിർമ്മാണം പൂർത്തിയാക്കിയ 174 റോഡും 28 പാലവും ജൂൺ, ജൂലൈ മാസങ്ങളിലായി ഉദ്ഘാടനം ചെയ്യുമെന്ന് മന്ത്രി ജി.സുധാകരൻ വാർത്താ സമ്മേളനത്തിൽ അറിയിച്ചു. ഇതിനു പുറമെ 44 കെട്ടിടത്തിന്റെയും ഉദ്ഘാടനവും നടക്കും.214 റോഡിന്റെയും 26 പാലത്തിന്റെയും 42 കെട്ടിടത്തിന്റെയും നിർമ്മാണത്തിനും രണ്ടു മാസത്തിനുള്ളിൽ തുടക്കം കുറിക്കും. സർക്കാരിന്റെ രണ്ടാം വാർഷികത്തോടനുബന്ധിച്ചാണ് ഉദ്ഘാടന പരിപാടികൾ. അഞ്ചുവർഷംകൊണ്ട് 1,05,602 കോടി രൂപയുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ കിഫ്ബി മുഖേന 30,000 കോടി രൂപയുടെ റോഡും പാലങ്ങളും ഫ്ളൈ ഓവറുകളും നിർമ്മിക്കും. ഇതിൽ 7659.12 കോടി രൂപയുടെ 194 പ്രവൃത്തിക്ക് ഇതിനകം കിഫ്ബിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്.

**(ദേ.,24/05)**

### ഓർഡിനൻസുകൾ എല്ലാം നിയമമാക്കും

ജൂൺ നാലിന് തുടങ്ങുന്ന നിയമസഭാ സമ്മേളനത്തിൽ നിലവിലുള്ള എല്ലാ ഓർഡിനൻസുകൾക്കും പകരമുള്ള ബില്ലുകൾ അവതരിപ്പിച്ചു പാസാക്കാൻ മന്ത്രിസഭായോഗം തീരുമാനിച്ചു. മന്ത്രിസഭ അംഗീകരിച്ച മറ്റു കരടു ബില്ലുകളിൽ ഏതെങ്കിലും സഭയിൽ അവതരിപ്പിക്കേണ്ടതുണ്ടോയെന്ന് സമ്മേളനത്തിന്റെ ആദ്യ ദിവസം കാര്യോപദേശക സമിതി യോഗം തീരുമാനിക്കും. നിയമ നിർമ്മാണത്തിന് മാത്രമായി വിളിക്കുന്ന സഭാ സമ്മേളനം നാലു മുതൽ 21 വരെയാണ്.

**(മ.മ.,24/05)**